PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

Second Session—1964

Wednesday, the 2nd September 1964.

Vol. XIX] OFFICIAL REPORT [No. 1

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 2nd September 1964 with Mr. Speaker in the Chair.

Obituary Reference

Mr. Speaker: Order, order. Before inviting the Leader of the House to make a reference regarding the death of Jawaharlal Nehru, I have to inform the Assembly that Shri P.T. Chacko, a member elected to this Assembly from the 'Meenachil' Constituency, died on the 1st August 1964. I now call upon the Leader of the House to make the reference.

ശ്രീ. ആർ. ശങ്കർ: സ്പീക്കർസർ, നമ്മുടെ ഏറ്റവും പ്രിയപ്പെട്ട നേതാവും ആധുനികഇൻഡ്യക്ക് രൂപം കൊടുത്ത മഹാനുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നമ്മെ വിട്ടുപിരിഞ്ഞുപോയിരിക്കുകയാണ്. പതിനേഴു കൊല്ലങ്ങൾക്കുമുമ്പ് ഇൻഡ്യ സ്വതന്ത്രരായപ്പോൾ ആ രാജ്യത്തിന് ലോകത്തിന്റെ ദൃഷ്ടിയിൽ മറ്റൊരുമായ ഒരു സ്ഥാനം കരസ്ഥമാകത്തക്കവണ്ണം, രണ്ടു ചേരികളായി തിരിഞ്ഞുനിന്നു പരസ്പരം കലഹിക്കുന്നതിൽനിന്നും ഉളവായ സംഘർഷാവസ്ഥ വർദ്ധിച്ചിരുന്ന ലോകത്തിൽ ചേരിചേരാനയം സ്വീകരിച്ച് സമാധാനം പാലിക്കുന്നതിനും സംഘർഷാവസ്ഥ ഇല്ലാതാക്കുന്നതിനും പറ്റിയ പരിപാടികളും സ്വീകരിച്ച് മുന്നോട്ടുപോയി അന്താരാഷ്ട്രീയരംഗത്തു് ഏറ്റവും ഉന്നതവീക്ഷണീയനായ ഒരു നേതാവിന്റെ സ്ഥാനം കരസ്ഥമാക്കിയ മഹാനാണ് പണ്ഡിറ്റ് നെഹ്റു. അദ്ദേഹത്തിന്റെ വളർച്ചയോടൊപ്പംതന്നെ ഇൻഡ്യക്കും വളർച്ചയുണ്ടായി. രാജ്യത്തെ സംബന്ധിച്ച് ഇൻഡ്യ സ്വീകരിച്ച നയം അഖിലലോകരംഗത്തു നാം കൈക്കൊണ്ട നയത്തിനു ചേർന്നതുതന്നെ ആയിരുന്നു. സമാധാനപരമായ മാർഗ്ഗങ്ങളിൽക്കൂടി, ജനാധിപത്യപരമായ മാർഗ്ഗങ്ങളിൽക്കൂടി, എന്നും വേഗം രാജ്യത്തെ നവീകരിച്ച് ശക്തിയും സമൃദ്ധിയും ഉള്ള ഒരു രാജ്യമാക്കി പരിവർത്തനം ചെയ്യുന്നതിനു് പര്യാപ്തമായ നയപരിപാടികളും നാം സ്വീകരിച്ചു. ഈ നയപരിപാടികൾക്ക് ഈ ശ്രമം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തതു് മറ്റു് ആരെക്കാളും കൂടുതൽ, പണ്ഡിറ്റു് നെഹ്രു ആണെന്നുള്ളതിനു് യാതൊരു സംശയവും ഇല്ല. ആസൂത്രിതമായ സാമ്പത്തിക പദ്ധതികളുടെ പ്രവർത്തനം ക്ലിപ്തമായ ഒരു ലക്ഷ്യം വച്ചുകൊണ്ടു്—ജനാധിപത്യ സോഷ്യലിസം എന്ന ലക്ഷ്യം വച്ചുകൊണ്ടു്—ഫലപ്രദമായി പ്രയോഗത്തിൽ വരുത്തുന്നതിനു് എല്ലാ പ്രവർത്തനങ്ങളിലും വളരെ ശ്രദ്ധയോടുകൂടി പ്രവർത്തിച്ചിരുന്ന മഹാനാണു് പണ്ഡിറ്റു് നെഹ്രു. അദ്ദേഹത്തെ കൂടാത്ത ഒരു ഇൻഡ്യയെപ്പറ്റി ചിന്തിക്കാൻ കഴിയാത്ത ഒരു നിലതന്നെ ഉണ്ടായിരുന്നു. ഇൻഡ്യയ്ക്കു വെളിയിൽ ഉള്ളവർക്കും "ഇൻഡ്യ" എന്നു പറഞ്ഞാൽ പണ്ഡിറ്റു് നെഹ്രുവിന്റെ രൂപമാണു് യഥാർത്ഥത്തിൽ മുമ്പിൽ വന്നുകൊണ്ടിരുന്നതു്. അത്രവളരെ വിശാല വീക്ഷണവും സഹവർത്തിത്വവും പ്രദർശിപ്പിച്ചു് അങ്ങേയറ്റത്തെ മനോഹ്ലണങ്ങളുടെ വിളനിലമായി അദ്ദേഹം പ്രവർത്തിച്ചതിന്റെ ഫലമായി ആധുനിക ഇൻഡ്യ അദ്ദേഹത്തിന്റെ സ്വന്തരൂപം കൈകൊണ്ടിരിക്കുകയാണു്. എന്നാൽ ആ പ്രവർത്തനങ്ങളും പൂർത്തിയാകുന്നതിനു മുമ്പു്, അത്യം വൈഷമ്യം ഏറിയ ഒരു പ്രതിസന്ധിഘട്ടത്തിൽ, ഒരു ശത്രു നമ്മുടെ അതിർത്തിയിൽ പടയൊരുക്കം ചെയ്തു ആക്രമണത്തിനു സന്നദ്ധമായി നിൽക്കുന്ന സന്ദർഭത്തിൽ ആണു് മഹാനായ നേതാവു് നമ്മുടെ ഇടയിൽ നിന്നും തിരോധാനം ചെയ്യാനിടയായതു്. അതു് ഈ രാഷ്ട്രത്തിന്റെ ഏറ്റവും വലിയ ദുഃഖദോഷമാണെന്നുള്ളതിനു് യാതൊരു സംശയവുമില്ല. പക്ഷേ, അദ്ദേഹം നിര്യാതനായി. ഇനി അതിനെപ്പറ്റി ദുഃഖിക്കുകമാത്രമേ നമുക്കു ഇപ്പോഴം ചെയ്യാൻ കഴിയുകയുള്ളു. ദുഃഖിക്കുകയും അദ്ദേഹത്തിന്റെ പ്രിയപ്പെട്ടവരോടു് അനുശോചിക്കുകയും ചെയ്യുന്നതോടൊപ്പം അദ്ദേഹം കാണിച്ചുതന്ന മാർഗ്ഗങ്ങളിൽ കൂടി രാജ്യത്തെ മുന്നോട്ടു നയിക്കുന്നതിനു നമ്മുടെ സേവനങ്ങളും അർപ്പിയ്ക്കുക മാത്രമേ നമുക്കിപ്പോഴം കരണീയമായിട്ടുള്ളു. അപ്രകാരം, ചെയ്യുന്നതിനു നാം പ്രതിജ്ഞയെടുക്കണം. ആ മഹാത്മാവിന്റെ ആത്മാവിനു നിത്യശാന്തിയുണ്ടാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ: സർ, കഴിഞ്ഞ പതിനേഴു വർഷക്കാലമായി ഇൻഡ്യയെ നയിച്ച മഹാനായ പണ്ഡിറ്റു നെഹ്രുവിന്റെ നിര്യാണത്തിൽ രേഖപ്പെടുത്തുന്ന അനുശോചന പ്രമേയത്തോടു ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണു്. അദ്ദേഹം മഹാത്മാഗാന്ധിയുടെ നിര്യാണാവസരത്തിൽ ചെയ്ത പ്രസംഗത്തിലെ ആദ്യ വാക്കുകം ഈ അവസരത്തിൽ ഞാൻ ഓർത്തു പോകുകയാണു്. ഭാരതത്തിന്റെ ദീപം പൊലിഞ്ഞുപോയി, പ്രകാശം സ്തംഭിച്ചിരിക്കുന്നു. അങ്ങനെയൊരു തോന്നലാണു് വാസ്തവത്തിൽ നെഹ്രുവിന്റെ മരണത്തെ സംബന്ധിച്ച ഇൻഡ്യക്കാരായ നമുക്കുണ്ടാകുന്നതു്. സ്വാതന്ത്ര്യ സമരത്തിൽ അദ്ദേഹം മഹാത്മാഗാന്ധിയോടുകൂടി വഹിച്ച പങ്കു് നമുക്കെല്ലാവർക്കും അറിവുള്ളതാണു്. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം, സ്വതന്ത്ര ഇൻഡ്യയുടെ ഭാവി രൂപം എന്തായിരിക്കണമെന്നുള്ള കാര്യവും, അതിനുള്ള വ്യക്തമായിട്ടുള്ള നേതൃത്വം ഏറ്റെടുക്കുന്ന അവസരത്തിൽ നേരിടേണ്ടിവരുന്ന ഓരോ ഘട്ടവും അഭിമുഖീകരിക്കുന്നതിനുള്ള ഉത്തരവാദിത്വവും അദ്ദേഹത്തിന്റെ സുശക്തമായ കരങ്ങളിൽ അർപ്പിതമായി. ഇൻഡ്യയ്ക്കു ലോക രംഗത്തിൽ വളരെയധികം ശക്തിയാർജ്ജിച്ചു കൊടുക്കത്തക്കവണ്ണം സമാധാനത്തിനു വേണ്ടി, സ്വതന്ത്രമായ വിദേശ നയത്തിനുവേണ്ടി, അങ്ങനെ ദേശീയമായി ഇൻഡ്യയുടെ പേർ ആധുനിക ലോകത്തിൽ എമ്പാടും പാടിപ്പുകഴ്ത്തുന്നതിനും, അദ്ദേഹം ചെയ്തിട്ടുള്ള നിസ്തുലമായ സേവനം കൊണ്ടു് സാധിച്ചിട്ടുണ്ടു്. അതുപോലെ തന്നെ, വളരെയധികം പിന്നണിയിൽ കിടന്നിരുന്ന ഇൻഡ്യയുടെ സാമ്പത്തിക വ്യവസ്ഥിതിയെ പുതുക്കിയെടുത്തു ജനതയെ വളർത്തുന്നതിനു വേണ്ടിയും ഇൻഡ്യയുടെ ദേശീയ ജീവിതത്തിന്റെ എല്ലാ വശങ്ങളേയും ഉടച്ചു മാറ്റി നവീകരിക്കുന്നതിനുവേണ്ടിയും അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങളും നമുക്കു എല്ലാവർക്കും അറിവുള്ളതാണു്. ഈ അവസരത്തിൽ അദ്ദേഹത്തെ സംബന്ധിച്ചും അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളെ സംബന്ധിച്ചും വളരെ അധികം സംസാരിക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. അദ്ദേഹം നിര്യാതനായിരിക്കുന്ന അവസരത്തിൽ ആ മാതിരി സംസാരങ്ങളും പ്രസക്തമല്ലെന്നു മാത്രമല്ല ഇപ്പോഴം നമുക്കു കരണീയമായിട്ടുള്ളതു് അദ്ദേഹത്തിന്റെ അപദാന

LIBRARY ARCHIVES Kerala Legislative Assembly

ളെ പ്രകീർത്തിച്ച പ്രസംഗിക്കുകയല്ല, നേരേമറിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ചു തന്നിട്ടുള്ള വഴിയിൽക്കൂടി സഞ്ചരിച്ച് അദ്ദേഹത്തിന്റെ നയങ്ങളും പ്രവൃത്തി പഥത്തിൽകൊണ്ടുവന്നു ഇൻഡ്യയെ വളർത്തിയെടുക്കുവാൻ അക്ഷീണം യത്നിക്കുക എന്നുള്ളതാണു്. അദ്ദേഹത്തിന്റെ സ്മരണയെ കാത്തുസൂക്ഷിക്കുവാൻ വേണ്ടി അതിന്റെ മുന്നോടിയായി അദ്ദേഹത്തിന്റെ നയപരിപാടികളും നാം സ്വീകരിക്കുന്നതാണെന്നും അതിനുവേണ്ടി നാം ധീരമായി പ്രവർത്തിക്കുന്നതാണെന്നും ഈ അവസരത്തിൽ നാം പ്രതിജ്ഞ എടുക്കണമെന്നുമാത്രമേ എനിക്കു പറയുവാനുള്ളൂ.

ശ്രീ. പി. കെ. കുഞ്ഞു് : സർ, കഴിഞ്ഞ പതിനേഴു വർഷക്കാലമായി ഇൻഡ്യാസ്സും ലോകത്തിനു മുഴുവൻതന്നെയും നന്മയെ കൈവരുത്തണമെന്നു കണ്ടുകൊണ്ടു് അതുമാത്രം ലക്ഷ്യമാക്കിക്കൊണ്ടു് സേവനം അനുഷ്ഠിച്ചു മരണമടഞ്ഞ മഹാനായ പണ്ഡിറു നെഹറുവിന്റെ നിര്യാണത്തിൽ നമുക്കുള്ള അനുശോചനമാണു് നാം ഇപ്പോൾ രേഖപ്പെടുത്തുന്നതു്. അതിൽ ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണു്. ഇന്നു പണ്ഡിറു നെഹറുവിനെ അനുസ്മരിക്കുന്ന നാം കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളായി തുടരെ തുടരെ കഷ്ടപ്പെട്ടുകൊണ്ടിരുന്ന ഇൻഡ്യയെ, സ്വതന്ത്രയാക്കുന്നതിനുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങളും ഇൻഡ്യ സ്വതന്ത്രയായതിനുശേഷം ഇൻഡ്യാസ്സു നൽകിയ ധീരമായ നേതൃത്വവും, അതിന്റെ ഫലമായി ഉണ്ടായിട്ടുള്ള വിജയങ്ങളും നാം ഒന്നാമതായി കണക്കിലെടുക്കേണ്ടതുണ്ടു്. ഭാരതം സ്വതന്ത്രമായതിനുശേഷം ഭാരതത്തെ ഒരു നല്ല സാമ്രാജ്യമായി വളർത്തിയെടുക്കുന്നതിനുവേണ്ടി ഏറ്റവും ശ്രമകരമായ ചുമതലയും ഉത്തരവാദിത്വവും കൈകാര്യം ചെയ്യേണ്ടതായിട്ടാണു് ഇരുന്നതു്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നാം അതാരംഭിച്ചു. നാം അതിൽ വിജയിച്ചുവെങ്കിലും മഹാനായ നെഹറുവിനായിരുന്ന വളരെയേറെ പ്രയാസം നേരിടേണ്ടിയിരുന്നതു്. അതെല്ലാം തന്നെ നേരിട്ടു്, നമുക്കു് അഭിമാനിക്കത്തക്കവണ്ണം ഇൻഡ്യയെ മറ്റു സാമ്രാജ്യങ്ങളോടൊപ്പംതന്നെ ഉയർത്തുന്നതിനു അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. അദ്ദേഹം ജീവിച്ചിരുന്നതുതന്നെ സ്വന്തംആവശ്യത്തിനുവേണ്ടിയായിരുന്നില്ല എന്നുള്ളതു വളരെ വ്യക്തമാണു്. അദ്ദേഹത്തിന്റെ മരണപത്രം വായിച്ചുനോക്കിയാൽ മനസ്സിലാക്കുവാൻ സാധിക്കുന്നതു് അതാണു്. അദ്ദേഹത്തിന്റെ ''ആനന്ദഭവൻ'' സ്വാതന്ത്ര്യസമരത്തിന്റെ സ്മാരകമായി വച്ചുകൊണ്ടു് മറ്റു ഒന്നുംതന്നെ അദ്ദേഹത്തിന്റെ സ്മരണയെ നിലനിറുത്താൻ വസ്തുതതന്നെ അദ്ദേഹത്തിനു നിർബന്ധമായിരുന്നു. അതുകൊണ്ടു് ആനന്ദഭവൻ സ്വാതന്ത്ര്യസമരത്തിന്റെ സാക്ഷ്യം വഹിക്കട്ടെ എന്നു് അദ്ദേഹം ആ വില്പിൽ എഴുതുകയുണ്ടായി. അങ്ങനെ സ്വന്തം ദേശത്തിനുവേണ്ടി, ദേശീയമായ അഭിവൃദ്ധിക്കുവേണ്ടി ആജീവനാന്തം അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹം ഇൻഡ്യയുടെ സാമ്പത്തികമായ അരക്ഷിതാവസ്ഥയ്ക്കു് മാറ്റംവരുത്തി ഇൻഡ്യയെ ഒരു ക്ഷേമരാഷ്ട്രമായി കെട്ടിപ്പടുക്കുവാൻ ബദ്ധശ്രദ്ധനായി പ്രവർത്തിക്കുകയായിരുന്നുവെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിവുള്ളതാണു്. ബ്രിട്ടീഷു് ഭരണംകൊണ്ടു വന്നുചേർന്നിട്ടുള്ള ദുർഗതിയും ജനാധിപത്യം വന്നതിനുശേഷമുള്ള പുരോഗതിയും നമുക്കെല്ലാവർക്കും അറിവുള്ള സംഗതിയാണു്. ഇതുരണ്ടും ധ്രുതഗതിയിൽ ഒട്ടേറെ വൻകിട വ്യവസായങ്ങളും വളരെ അണക്കെട്ടുകളും ശാസ്ത്രീയവും സാങ്കേതികവുമായ സ്ഥാപനങ്ങളുമൊക്കെ സ്ഥാപിക്കുവാൻ കഴിഞ്ഞതു് നമുക്കു അഭിമാനകരമായ നേട്ടംതന്നെയാണു്. പക്ഷേ നാം ആഗ്രഹിക്കുന്നമാതിരി ഒറ്റ സ്ഥാപനത്തിൽപോലും, അല്ലെങ്കിൽ ഒറ്റ അണക്കെട്ടിൽ പോലും അദ്ദേഹത്തിന്റെ പേർ ചേർക്കുവാൻ അദ്ദേഹം അനുവദിച്ചിട്ടില്ല. പേരിനും പെരുമയ്ക്കും വേണ്ടിയല്ല അദ്ദേഹം പ്രവർത്തിച്ചതു്. അദ്ദേഹം സേവനം നടത്തിയതു സേവനത്തിനുവേണ്ടി മാത്രമായിരുന്നു, കൂടാതെ, സ്വാർത്ഥതയ്ക്കുവേണ്ടി, കിട്ടുന്ന അവസരം ഉപയോഗിച്ചു് സ്വജനതയ്ക്കു വേണ്ട ആനുകൂല്യം ചെയ്യാൻ അവസരം ഉർവിനിയോഗം ചെയ്യുന്ന പാരമ്പര്യമല്ല പണ്ഡിറു്നെഹ്റു ഇൻഡ്യാസ്സു നൽകിയതു എന്നുള്ള കാര്യം നാം മനസ്സിലാക്കണം. അദ്ദേഹം കുലീനനായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും കുലീനതയോടുകൂടിയതായിരുന്നു. അദ്ദേഹം കുലീനനായി ജനിച്ചു, കുലീനനായി ജീവിച്ചു, കുലീനനായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞു]

മരിച്ചു. എല്ലാ രംഗങ്ങളിലും കുലീനതപം ശരിക്കു പ്രദർശിപ്പിച്ചു. ഇൻഡ്യയിലെ സാംസ്ഥാനിക നിലവാരത്തിലുള്ള ഭരണകർത്താക്കന്മാർക്കു് മാതൃകാപരമായ ഒരു ഭരണകർത്താവാണു് പണ്ഡിറ്റു് നെഹ്റു. വാസ്തവത്തിൽ പണ്ഡിറ്റു് നെഹ്റുവിനെ മാതൃകയായി സ്വീകരിക്കുവാൻ കഴിയുമെങ്കിൽ അതായിരിക്കും നമുക്കു അദ്ദേഹത്തോടു കാണിക്കാവുന്ന ഏറ്റവും വലിയ ഒരു ആദരവു്. അതിനു നാം നിബദ്ധരാകണം. നമ്മുടെ പഞ്ചവത്സര പദ്ധതിയുടേയും പ്ലാനിംഗിന്റേയും ജനയിതാവായ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെപ്പറ്റി എടുത്തു പറയേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട നെഹ്റുവിനെപ്പറ്റി ഒറ്റ വാക്യത്തിൽ പറയുകയാണെങ്കിൽ 'നെഹ്റു ഇൻഡ്യയായിരുന്നു, ഇൻഡ്യ നെഹ്റുവായിരുന്നു'. നെഹ്റു എന്നും ഇൻഡ്യയിൽ തലമുറകളായി അനുസ്മരിക്കപ്പെട്ടുകൊണ്ടുതന്നെയിരിക്കും.

ശ്രീ. എം. പി. എം. അഹമ്മദ് കുരിക്കൾ ; സർ, നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി പണ്ഡിറ്റു ജവഹർലാൽ നെഹ്റുവിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു് ഒന്നു രണ്ടു കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ഇന്ത്യയിലെന്നു മാത്രമല്ല ലോകത്തിലെല്ലായിടത്തുംതന്നെ ഉന്നതമായ ഒരു നിലകൈവരിക്കുന്നതിനു് സാധിച്ചിട്ടുള്ള ഒരു മഹാനായ വ്യക്തിയാണു് നെഹ്റുജി. ചേരിചേരാനയം ആവിഷ്ക്കരിച്ചതുകൊണ്ടു് പല പല നേട്ടങ്ങളും കൈവരിക്കാൻ അദ്ദേഹത്തിനു് സാധിച്ചിട്ടുണ്ടു്. ലോകത്തു് എവിടെയെങ്കിലും മാൽസര്യങ്ങൾ ഉണ്ടാകുമ്പോൾ ചേരിചേരാനയംകൊണ്ടു് അവ ഇല്ലാതാക്കുന്നതിനും, അങ്ങനെ ലോകരാഷ്ട്രങ്ങളിൽ ഇൻഡ്യയ്ക്കു് അഭികാമ്യമായ ഒരു നില കൈവരുത്തുന്നതിനും ബഹുമാനപ്പെട്ട പണ്ഡിറ്റു ജവഹർലാൽ നെഹ്റുവിനു് സാധിച്ചിട്ടുണ്ടെന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണു്. അദ്ദേഹം ജനാധിപത്യത്തിൽ വിശ്വസിക്കുകയും, അതിൽതന്നെ ഉറച്ചു നിൽക്കുകയും, അതു് നിലനിറുത്തുന്നതിനുവേണ്ടി ജീവിക്കുകയും ചെയ്ത ഒരു മഹാനാണു്. അങ്ങിനെ വളരെ വളരെ ത്യാഗങ്ങൾ സഹിച്ചു് അദ്ദേഹം കെട്ടിപ്പടുത്ത ജനാധിപത്യത്തെ നിലനിറുത്തുന്നതിനു് വേണ്ടി നാമെല്ലാവരും ഹൃദയം തുറന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതാണു് നമുക്കു് അദ്ദേഹത്തോടു ചെയ്യേണ്ട കടമ. എന്നു മാത്രമല്ല ഇൻഡ്യാക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും, അങ്ങനെ എല്ലാവരുടേയും ഇടയിൽ മഹത്തായ സ്ഥാനം കൈവരിക്കുന്നതിനും അദ്ദേഹത്തിനു് സാധിച്ചിട്ടുണ്ടു്. ജനാധിപത്യത്തിന്റെ അന്തസ്സു് പാലിക്കാതെ പ്രവർത്തിക്കുന്ന രീതി അദ്ദേഹം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും ഇൻഡ്യയെ സ്വതന്ത്രയാക്കുകയും ഇൻഡ്യയ്ക്കു് ഒരു ഭരണഘടന നൽകുകയും ചെയ്തു. ആ ഭരണഘടനാ തത്വങ്ങൾ അക്ഷരംപ്രതി പാലിക്കുന്നതിനും, അവ നിലനിറുത്തുന്നതിനും അദ്ദേഹം അങ്ങേയറ്റം പാടുപെടുകയുണ്ടായി. ഇൻഡ്യയിൽ എവിടെയെങ്കിലും കക്ഷി മാൽസര്യമോ, എന്തെങ്കിലും അഭിപ്രായവ്യത്യാസങ്ങളോ ഉണ്ടാകുകയാണെങ്കിൽ അവയെല്ലാം സ്വയം മനസ്സിലാക്കി സമാധാനപരമാക്കിത്തീർക്കുന്നതിനു് അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്. സഹവർത്തിത്വത്തിൽക്കൂടി ഇൻഡ്യയിൽ ജനാധിപത്യതത്വങ്ങൾ വ്യാഖ്യാനിക്കാൻ അദ്ദേഹം നമ്മെ പഠിപ്പിച്ചുകഴിഞ്ഞു. അങ്ങനെ പല നിലകളിലും ലോകരാഷ്ട്രങ്ങൾക്കു്, ഇൻഡ്യയ്ക്കു് മാത്രമല്ലാ, ലോകരാഷ്ട്രങ്ങൾക്കെല്ലാം വേണ്ടപ്പെട്ട അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞിരിക്കുകയാണു്. പഞ്ചവത്സരപദ്ധതികളിലൂടെ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികഭദ്രത കെട്ടിപ്പടുക്കുവാൻ സാധിക്കുമെന്നു് അദ്ദേഹം നമുക്കു കാണിച്ചുതന്നു. അഴിമതിയും അക്രമവും എവിടെ ഉണ്ടാകുന്നുവോ അതിനെതിരായി സമാധാനപരമായി പൊരുതുവാൻ അദ്ദേഹം നമ്മെ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ പേരുംപറഞ്ഞു് അഴിമതിയേയോ, അക്രമമോ, പൂഴത്തിവയ്പോ നടത്താൻ ആർക്കുംതന്നെ സാധിച്ചിരുന്നില്ല. അദ്ദേഹം ലോകത്തിനുവേണ്ടി, ജനങ്ങളുടെ നന്മയ്ക്കുവേണ്ടി, സമാധാനത്തിനുവേണ്ടി, ജനാധിപത്യം പടുത്തുയർത്തുന്നതിനുവേണ്ടി നിലകൊണ്ടിരുന്ന ഒരു മഹാനായിരുന്നു. ഈ സന്ദർഭത്തിൽ അദ്ദേഹത്തെക്കുറിച്ചു് അധികം പറയണമെന്നു വിചാരിക്കുന്നില്ല. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ആത്മാവിനു് നിത്യശാന്തി നേരുകയും ചെയ്തുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സർ, കഴിഞ്ഞ പതിനേഴ വർഷക്കാല മായി നമ്മെ എല്ലാവരേയും നയിച്ചുകൊണ്ടിരുന്ന പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് ബഹു മാനപ്പെട്ട സഭാനേതാവും മറ്റു നേതാക്കന്മാരും പറഞ്ഞ അഭിപ്രായങ്ങളോട് ഞാനും എന്റെ പാർട്ടിയും പൂർണ്ണമായി യോജിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യ ത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ആദ്യം ഒരു പടയാളിയായിട്ടും, അതു കഴിഞ്ഞു ഇൻഡ്യയുടെ രൂപീകരണത്തിനു പ്രധാന നേതൃത്വം വഹിച്ച നമ്മുടെ രാഷ്ട്രശില്പിയായിട്ടും, അതിനുശേഷം ലോകത്തിലെ മഹാനായ ഒരു നേതാ വായിട്ടും ഇങ്ങനെ പലവിധത്തിലാണു പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അറിയപ്പെടുന്നതു്. അദ്ദേഹത്തിന്റെ അപദാനങ്ങളെക്കുറിച്ചു് അധിക മൊന്നും പറയാതെതന്നെ, എല്ലാവർക്കും അറിയാവുന്നതാണു്. സ്വതന്ത്രമായ വിദേശനയവും ചേരിചേരാനയവും ആവിഷ്കരിച്ചുകൊണ്ടു് ഇൻഡ്യയ്ക്കു് ലോകരാഷ്ട്രങ്ങളുടെ ഇടയിൽ മഹത്തായ ഒരു സ്ഥാനം നേടികൊടുക്കുന്നതിനു് അദ്ദേഹത്തിനു് സാധിച്ചിട്ടുണ്ടു്. ഇൻഡ്യ ലോകരാഷ്ട്രത്തിൽ എത്ര പറ യുന്നുവെന്ന മറ്റു എല്ലാ രാഷ്ട്രങ്ങളും ഉറ്റുനോക്കുന്ന ഒരു പരിതഃസ്ഥിതിവരെ ഉണ്ടായി. ഇൻഡ്യയുടെ സാമ്പത്തികസ്ഥിതി ഉയർത്തുന്നതിനു് പഞ്ചവത്സര പദ്ധതികളിലൂടെ സാധിക്കുകയുള്ളുവെന്നു് അദ്ദേഹം നമുക്കു് കാണിച്ചുതന്നി ട്ടുണ്ടു്. പഞ്ചവത്സരപദ്ധതികളുടെ ജനയിതാവും മഹാനായ നെഹ്റു തന്നെ യായിരുന്നു. ലോകത്തിലെ കോടിക്കണക്കിനു് ആളുകളുടെ നേതാവും ധീര നായ ഒരു പോരാളിയുമായിരുന്ന അദ്ദേഹം. ഇങ്ങനെ പലതരത്തിലും ബഹു മാന്യനായ അദ്ദേഹം എങ്ങനെ ജീവിച്ചിരുന്നുവെന്നു് അധികം സംസാരി ക്കാതെ തന്നെ അദ്ദേഹം എഴുതിയ പുസ്തകങ്ങളിൽനിന്നും നമുക്കു് മനസ്സി ലാക്കാം. "ഇൻഡ്യയെ കണ്ടെത്തൽ" "Glimpses of World Histoy" "ഒരു അച്ഛൻ മകൾക്കയച്ച കത്തു്" എന്നവയും ഒടുവിലായെഴുതിയ "വിൽപ്പത്രം" ഇതിൽ കൂടിയെല്ലാം നമുക്കു് അദ്ദേഹം എങ്ങനെ, എന്തിനുവേണ്ടി ജീവിച്ചി രുന്നുവെന്നു് മനസ്സിലാക്കാവുന്നതാണു്. അദ്ദേഹം ഇൻഡ്യയിലെ മാത്രമല്ല, ലോകത്തിലെതന്നെ എല്ലാ ജനവിഭാഗങ്ങളുടേയും ഹൃദയത്തിൽ അലിഞ്ഞു ചേരപ്പെട്ട ഒരു നേതാവാണു്. ഇങ്ങനെ പതിനേഴ വർഷക്കാലമായി നമ്മെ എല്ലാവരേയും സമാധാനത്തിലേക്കും, ശാന്തിയിലേക്കും, ഐശ്വര്യത്തിലേക്കും നയിച്ചുകൊണ്ടിരുന്ന, ദീപമായി പ്രകാശിച്ചുകൊണ്ടിരുന്ന അദ്ദേഹം ഇപ്പോഴും മറഞ്ഞുപോയിരിക്കുകയാണു്. പക്ഷെ, ആ ദീപം പൊലിഞ്ഞുവെങ്കിലും അതിൽനിന്നും പരത്തിയിട്ടുള്ള പ്രകാശം ഒരിക്കലും പൊലിഞ്ഞുപോകുക യില്ല; അതു് ലോകം നിലനിൽക്കുന്നിടത്തോളംകാലം പ്രകാശിച്ചുകൊണ്ടി രിക്കുകയുംചെയ്യും. ആ പ്രകാശത്തിലൂടെ നാമെല്ലാവരും മുന്നോട്ടു പോകുകയെ ന്നുള്ളതാണു് നമുക്കു് ഇപ്പോഴും കരണീയമായിട്ടുള്ളതു്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഒരിക്കൽകൂടി അനുശോചനം രേഖപ്പെടുത്തികൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Shri V. R. Krishna Iyer: I rise to pay my encomium to the bright Star of India and of mankind. "A lion among men is dead" said Gandhiji when Tilak died. 'A lion among men is dead again'. But it is a blasphemy to say that he is dead, for he lives in the hearts of millions and millions of people of this country and of the world.

He was a universal man who fought and died for universal values. He was, during his time, fighting for the freedom of mankind. To him freedom and peace were only two sides of the same coin. Freedom and peace are indivisible in the world, and so,when he was a freedom fighter in this country, he was also the President of All India Civil Liberties Union because without liberty, life is worth nothing. And so it was, he was fighting for the freedom of mankind everywhere. To him the Indian freedom movement gained meaning only in the context of the world and that is how our freedom movement was linked up with the emancipation and liberation struggles all over the world. But we see today dark clouds gathering on the horizon, and in our own continent, especially in the continents of Asia and in Africa for instance, the democratic system of Government, partuiclarly, the parliamentary system of Governmet is being over

LIBRARY ARCHIVES Kerala Legislative Assembly

[Shri V.R.Krishna Iyer]

turned in country after country. He was wedded to the principle of liberty and consequently to the democratic pattern of Government. In his view, it was impossible to have democracy, without economic liberty and so it was that this modern man of our century was able to see socialism and parliamentary system of Government as two aspects of democracy. He stood for socialism. One of the tallest men of our country, who fought for the national goal of liberty was Pandit Jawaharlal Nehru. And so, today, we have our national goal of democratic socialism; We must remember that this is the priceless treasure that we have inherited from him.

Let us not forget that civil liberty has to be vigilantly guarded in the name of Jawaharlal Nehru. We have got to preserve democracy; we have got to preserve socialism; these are things which might, as I said, in the passing moods of the present situation be forgotten by us. But we cannot yield to such a temptation, for he, who died for the high ideal of liberty, democracy and socialism, was the beacon light of our people. It was also a fact that simultaneously he was fighting for peace all over the world. He has been regarded as a messenger of world peace. It is absolutely right that all over the world, wherever we go, we are asked about Nehru, because Nehru is India and India is Nehru. It is only a truism. What we have to remember today on an occasion, when he is no longer physically among us, is that, on the 15th of August 1947, when the world was asleep and India awoke to freedom, he made a tryst with destiny. On this occasion it is our duty to redeem that tryst as long as there was one enslaved man who has to be liberated, because Swaraj is the birth-right of every citizen of India. We have to wipe away tear from the eyes of the people of India, the tears and sufferings in many homes. We have got a big job to do. He lived for that. Let us not forget that. He did even as he said. Quoting from these immortal lines—

> "The woods are lovely, dark and deep,
> But I have promises to keep,
> And miles to go before I sleep;
> And miles to go before I sleep.

We have got to keep his promises. We have got to cover the miles, which he was anxious to cover. Let us traverse those miles and miles of progress and advancement and happiness for the whole people of India.

Let us redeem the pledge that he made on the 15th August 1947 when India burst her bondage and became free.

I would again insist on that freedom in all its, universal and multi faced aspects. And that is what he himself said in one of his books. Quoting Lenin, Jawaharlal Nehru said:

> "Man's dearest possession is life, and since it is given to him to live but once, he must so live as not to be seared with the shame of a cowardly and trivial past, so live as not to be tortured for years without purpose, so live that dying he can say: 'All my life and my strength were given to the first cause in the world-the liberation of mankind'."

I bow in homage to the greatest man of our time'

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : While fully associating myself with the sentiments expressed, I wish to place on record this Assembly's profound sense of grief at the passing away of Shri Jawaharlal Nehru. His life had been one of complete dedication to the service of the motherland and was marked throughout with unceasing activity, always striving for the betterment of the common man. He visualised in a big way a prosperous India throwing off the foreign yoke and entering the comity of free nations for giving the lead to build up a peaceful and prosperous world. Economic regeneration through planned development aiming at eradication of poverty and establishing a social order based on democratic socialism have been his objects. During the 17 years after Independence that he was at the helm of affairs, it was his all absorbing endeavour to lay firm foundations for a stable democracy, which is marching ahead facing all challenges from within and without. A staunch democrat and a wellbred parliamentarian, he had scrupulous regard to parliamentary forms, conventions and practices. He believed that there would be no better way of resolving issues, be they, national or international, than by peaceful methods goodwill and mutual understanding. He endeared himself not only to the millions at home but to the world at large, and his demise, while it is the most harrowing experience to us in India, is intensely bemoaned internationally. We will be honouring him and cherishing his memory by trying to live up to the ideals he stood for.

The House has already been informed about the death of Shri P. T. Chacko, a sitting member of the Assembly. Entering public life even as a youth, he played a very active part in the freedom struggle, courting imprisonment on several occasions and undergoing numerous travails. He was an elected member of the Travancore-Cochin Assembly as well as of the Lok Sabha and in both these capacities he proved himself an able parliamentarian and legislator. He was our Minister for Home Affairs for over four years and the signal services he rendered to the State in that capacity are quite well known. to us and will be always remembered with appreciation und gratitude. His being cut off from our midst during the prime of his life with still many more years to work, when he could rise to great altitudes. in public life in our State or outside, is indeed an irreparable loss to be deeply bemoaned. May his soul rest in peace.

As members are aware, Shri C. K. Govindan Nair who was a member of the Madras Legislative Assembly from the Malabar area, prior to the reorganisation of States, Shri G. Parameswaran Pillay who has a member of the Travancore Legislative Council and Shri K. S. Joseph, who was a member of the erstwhile Travancore-Cochin Assembly, also passed away recently. They have been in active public life all along their career. Nationalists to the core, their lives have been marked with devotion to duty and sincerity of purpose. They have made lasting contributions to our public life which will long be remembered.

As a mark of respect to their memory the House will stand for a while.

(The House then stood in silence for a while as a mark of respect to the departed)

Mr. Speaker : The House will now adjourn and meet again to-morrow at 8 a. m.

The House adjourned at 8.35 a. m. to meet again at 8 a. m. on Thursday the 3rd September 1964.

LIBRARY ARCHIVES Kerala Legislative Assembly